കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone: Office: 0487-2332134, 2332548
Mob: 7736922245, 9447092134 (Whatsapp)
Secretary: 0487-2327427
e-mail: ksnakademi@gmail.com
Website: www.keralasangeethanatakaakademi.in

എ1/1927/2022 13/10/2023

## ക്വട്ടേഷൻ നോട്ടീസ്

അക്കാദമിയിലെ സെക്യൂരിറ്റി സിസ്റ്റം ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനായി പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയമുള്ള അംഗീകൃത/രജിസ്റ്റേഡ് സ്ഥാപനങ്ങളിൽ നിന്നും താഴെ കാണിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

1. അക്കാദമിയുടെയും പരിസരപ്രദേശത്തിന്റെയും സംരക്ഷണ ചുമതല 24 മണിക്കൂറും ലഭ്യമാക്കേണ്ടതാണ്.
2. 8 മണിക്കൂർ ഡ്യൂട്ടിക്ക് കണക്കാക്കുന്ന വേതനം ക്വട്ടേഷനിൽ വ്യക്തമാക്കേണ്ടതാണ്.
3. കരാർ തീയതി മുതൽ ഒരുവർഷത്തേക്കാണ് പ്രാബല്യം ഉണ്ടായിരിക്കുക.

സീൽ ചെയ്ത ക്വട്ടേഷനുകൾ 27/10/2023ന് വൈകീട്ട് 3 മണിക്ക് മുമ്പായി അക്കാദമി ഓഫീസിൽ ലഭിച്ചിരിക്കണം. അന്നേ ദിവസം 4.00ന് ക്വട്ടേഷൻ തുറക്കുന്നതും ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്, വിശ്വാസ്യതയും കാര്യക്ഷമതയും കൂടി പരിഗണിച്ച് സെക്യൂരിറ്റി സംവിധാനത്തിന്റ ചുമതല നൽകുന്നതുമായിരിക്കും. സീൽ ചെയ്ത ക്വട്ടേഷൻ മാത്രമേ സ്വീകരിക്കുകയുള്ളൂ. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് "അക്കാദമി സെക്യൂരിറ്റി സംവിധാനത്തിന്റെ ചുമതല ഏറ്റെടുക്കുന്നതിനുള്ള ക്വട്ടേഷൻ " എന്ന് പ്രത്യേകം രേഖപ്പെടുത്തണം. ക്വട്ടേഷനോടൊപ്പം EMD (നിരതദ്രവ്യം) ആയി സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ എന്ന പേരിൽ എടുത്ത 15,000/- രൂപയുടെ ഡി.ഡി. അടക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷൻ നിരക്ക് അംഗീകരിച്ച് കരാർ അനുവദിക്കുന്ന സ്ഥാപനത്തിന് കാലാവധിക്ക് ശേഷവും ലഭിക്കാത്തവർക്ക് ഒരാഴ്ച്ചക്കുള്ളിലും EMD തിരികെ ലഭിക്കുന്നതാണ്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0487 - 2332134 എന്ന നമ്പറിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മുതൽ വൈകീട്ട് 5 വരെയുള്ള സമയത്ത് അക്കാദമി ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ക്വട്ടേഷൻ ഏതുഘട്ടത്തിലും മാറ്റിവെക്കുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം അക്കാദമി സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

സെക്രട്ടറി

കോപ്പി

1) അക്കാദമി വെബ്സൈറ്റ്
2) നോട്ടീസ് ബോർഡ്
3) കളക്ടറേറ്റ്, തൃശ്ശൂർ
4) താലൂക്ക് ഓഫീസ്, തൃശ്ശൂർ
5) കോർപ്പറേഷൻ, തൃശ്ശൂർ
6) വില്ലേജ് ഓഫീസ്, തൃശ്ശൂർ
7) കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
8) കേരള ലളിത കലാ അക്കാമി, തൃശ്ശൂർ